**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4407** **28-10-2021 - ൽ മറുപടിയ്ക്ക്**

**അർബൻ ബാങ്കുകളിൽ അംഗങ്ങൾക്ക് ഓഹരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അർബൻ ബാങ്കുകളിൽ അംഗങ്ങൾക്ക് ഓഹരിയിൽ പണം നിക്ഷേപിക്കുന്നതിനും തിരിച്ചെടുക്കുന്നതിനും കമ്പനി മാതൃകയിൽ നിയമം കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12 ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ടി വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രാഥമിക അർബൻ സഹകരണ ബാങ്കുകളിൽ ഓഹരി മൂലധനം, സെക്യൂരിറ്റികൾ എന്നിവയുടെ അനുവദിക്കലും നിയന്ത്രണവും സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ റിസർവ് ബാങ്ക് 14.07.2021 ലെ DOR.CAP.REC.-/09/18/201/2020-21 നമ്പർ കരട് സർക്കുലർ പ്രകാരം എല്ലാ പ്രാഥമിക അർബൻ സഹകരണ ബാങ്കുകളുടേയും ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് നൽകുകയും, അർബൻ സഹകരണ ബാങ്കുകൾ, മേഖലയിലെ പങ്കാളികൾ, താല്പര്യമുള്ള കക്ഷികൾ എന്നിവരിൽ നിന്നും ആയതിന്മേലുള്ള അഭിപ്രായങ്ങൾ 31.08.2021 ന് മുൻപ് നൽകുന്നതിന് റിസർവ് ബാങ്ക്, 14.07.2021 തീയതിയിലെ 2021-2022/527 നമ്പർ പ്രസ് റിലീസ് പുറപ്പെടുവിച്ചിരുന്നു. കരട് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ളവരുമായ ആളുകൾക്ക്, ബൈലോ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, ബാങ്കിലെ നിലവിലെ അംഗങ്ങൾക്ക് അധിക ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, കൂടാതെ അംഗങ്ങൾക്കോ, |

| | | | |
|---|---|---|---|
| | | | ബാങ്കിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന ആളുകൾക്കോ വിവിധ തരത്തിലുള്ള പ്രിഫറൻസ് ഓഹരികൾ അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ബി) | ഓഹരി തിരിച്ചു കൊടുക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിൽ അർബൻ ബാങ്കുകളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12 ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ടി വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രാഥമിക അർബൻ സഹകരണ ബാങ്കുകളിൽ ഓഹരി മൂലധനം, സെക്യൂരിറ്റികൾ എന്നിവയുടെ അനുവദിക്കലും നിയന്ത്രണവും സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ റിസർവ് ബാങ്ക് 14.07.2021 ലെ DOR.CAP.REC.-/09/18/201/2020-21 നമ്പർ കരട് സർക്കുലർ പ്രകാരം എല്ലാ പ്രാഥമിക അർബൻ സഹകരണ ബാങ്കുകളുടേയും ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് നൽകുകയും, അർബൻ സഹകരണ ബാങ്കുകൾ, മേഖലയിലെ പങ്കാളികൾ, താല്പര്യമുള്ള കക്ഷികൾ എന്നിവരിൽ നിന്നും ആയതിന്മേലുള്ള അഭിപ്രായങ്ങൾ 31.08.2021 ന് മുൻപ് നൽകുന്നതിന് റിസർവ് ബാങ്ക്, 14.07.2021 തീയതിയിലെ 2021-2022/527 നമ്പർ പ്രസ് റിലീസ് പുറപ്പെടുവിച്ചിരുന്നു. കരട് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ളവരുമായ ആളുകൾക്ക്, ബൈലോ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, ബാങ്കിലെ നിലവിലെ അംഗങ്ങൾക്ക് അധിക ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, കൂടാതെ അംഗങ്ങൾക്കോ, ബാങ്കിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന ആളുകൾക്കോ വിവിധ തരത്തിലുള്ള പ്രിഫറൻസ് ഓഹരികൾ അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ